**M 7806**

BRENNEN COLLEGE CENTRAL LIBRARY THALASSERY

Reg. No.: ..............................

Name : ..................................

# I Semester B.Com./B.B.A./B.B.A.T.T.M./B.T.T.M./B.B.M. Degree (CCSS-Regular) Examination, November 2014
## COMMON COURSE IN MALAYALAM
## 1A 07-1 MAL : സാഹിത്യരൂപങ്ങൾ
## (2014 Admn.)

Time : 3 Hours                                                                 Max. Marks : 40

I. **മുന്നൂറ്** വാക്കിൽ കവിയാതെ **നാലു**ചോദ്യങ്ങളിൽ **രണ്ടെണ്ണ**ത്തിന് ഉത്തരമെഴുതുക.

1) കവിതാവിവർത്തനത്തിൽ വിവർത്തകൻ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ഉപന്യസിക്കുക.

2) വ്യത്യസ്തമായ പ്രണയാഖ്യാനമാണ് 'പ്രേമലേഖനം' – സമർത്ഥിക്കുക.

3) എം. കെ. രാമചന്ദ്രന്റെ വിവരണകൗശലം പാഠ്യഭാഗത്തെ ആധാരമാക്കി വിവരിക്കുക.

4) ഇടപ്പള്ളിയുടെ കാവ്യശൈലി 'മണിനാദ'ത്തെ ആസ്പദമാക്കി വിവരിക്കുക. **(2×7=14)**

II. **നൂറ്റമ്പത്** വാക്കിൽ കവിയാതെ **ആറു**ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക.

5) ''നീ പറയുന്നതുകേട്ടാൽ കല്ലുകൾ പോലും കത്തിജ്വലിക്കും. നീ ഒരിക്കലും ഒന്നും പറയുകയില്ല, അല്ലേ ?'' ആരുടെ വാക്കുകൾ ? വിവക്ഷിതമെന്ത് ?

6) ഇ. വി. കൃഷ്ണപിള്ളയുടെ ഉപന്യാസശൈലിയുടെ പ്രത്യേകതകൾ എന്തെല്ലാം ?

7) ''കണ്ടറിഞ്ഞീടാത്ത നിന്നെ ഞാനെന്തിനാ –
യിണ്ടലോടിത്രമേൽ സ്നേഹിച്ചു'' സാരസ്യം എഴുതുക.

8) ''പ്രാണരക്ഷണത്തിനായിത്തിരി കവർന്നീടിൽ
പാപമില്ലതിലെന്നു ചൊല്ലീലേ പുരാണങ്ങൾ'' ആരാണിങ്ങനെ പറഞ്ഞത് ? പറയാൻ കാരണമെന്ത് ?

9) ''കാർനിഴൽ നീന്തീടുന്ന കൺകളാലവൾ പിന്നെ –
ക്കാൽ നടക്കാരൻ നിൽക്കും പൂഴിയിൽ പൂത്തുകിനാൾ'' വരികളിലെ ധ്വന്യാർത്ഥം വ്യക്തമാക്കുക.

10) 'ഞാനീ ത്യാഗമൊക്കെ ചെയ്തിട്ട് എന്നോടിങ്ങനെയാണല്ലോ പെരുമാറുന്നത് ' ആരുടെ വാക്കുകൾ ? ഇങ്ങനെ പറയാൻ കാരണമെന്ത് ? **(4×3=12)**

P.T.O.

III. **നൂറ്** വാക്കിൽ കവിയാതെ **ആറു**ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക.

11) 'ഭൂമിയിലൊരു സ്വർഗ്ഗമുണ്ടെങ്കിൽ അതിവിടെയാണെന്ന് ആരും സമ്മതിച്ചുപോകും' എവിടെ ? വ്യക്തമാക്കുക.

12) ''വിടതരൂ! മതി പോകട്ടെ ഞാനുമെൻ –
നടനവിദ്യയും മൂകസംഗീതവും'' ഈ വിഷാദത്തിന് കാരണമെന്ത് ?

13) ''താല്ലപോലിവർ വാടിക്കിടക്കെ പേടിക്കുന്നേൻ'' പേടിക്ക് കാരണമെന്ത് ?

14) വിവർത്തനം എന്നാലെന്ത് ?

15) ചീർ മരങ്ങളെക്കുറിച്ച് ലേഖകൻ പറയുന്നതെന്തെല്ലാം ?

16) ഈഡിപ്പസ് ചെയ്ത പാപമെന്ത് ? **(4×2=8)**

IV. **ഒരു** വാക്കിലോ വാക്യത്തിലോ കവിയാതെ **ആറെണ്ണ**ത്തിന് ഉത്തരമെഴുതുക.

17) സാറാമ്മയും കേശവൻ നായരും തങ്കക്കുട്ടനിട്ട പേരെന്തായിരുന്നു ?

18) ഇന്ത്യയിലെ സ്വിറ്റ്സർലാന്റ് എന്നറിയപ്പെടുന്ന സ്ഥലം ഏത് ?

19) 'ചന്ദ്രനെന്നാലിപ്പിള്ളർക്കമൃതം വിളമ്പട്ടെ' – ആരുടെ വാക്കുകൾ ?

20) 'ശ്യാമയാം നിശ്ശബ്ദ കാനനം' ഏതാണ് ?

21) പരാജയത്തിന്റെ കലാരൂപം എന്ന് വിവർത്തനത്തെ വിശേഷിപ്പിച്ചതാര് ?

22) 'കുടിയൊഴിക്കൽ' എന്ന കൃതിയുടെ കർത്താവാര് ?

23) ഉപന്യാസം എന്ന പദത്തിനർത്ഥം എന്ത് ?

24) 'ഉയരുന്ന യവനിക' ആരുടെ കൃതിയാണ് ? **(6×1=6)**

---